ബാല സാഹിത്യത്തെ പ്പറ്റി

മററു ഭാഷകളിലെന്നപോലെ മലയാളത്തിലും കഴിഞ്ഞകൊല്ലം—അതായതു് ശിശുവർഷത്തിൽ—ബാലസാഹിത്യത്തിൽ പെട്ടന്നതായി അവകാശപ്പെടുന്ന നിരവധി കൃതികൾ രൂപംകൊള്ളുകയുണ്ടായി. മലയാളത്തിലെ പ്രമുഖരായ ഒട്ടുമുക്കാൽ പ്രസാധകരും തങ്ങളുടേതായ ബാലസാഹിത്യകൃതികൾ പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു. ബാലികാബാലന്മാർക്കു് പ്രയോജനപ്പെടുന്ന വിധത്തിൽ ചമയ്ക്കപ്പെട്ടവ, ഈ പുസ്തകങ്ങളിൽ എത്രയുണ്ടെന്ന വസ്തുത, നിർണ്ണയിക്കപ്പെടേണ്ടതായിട്ടാണിരിക്കുന്നതു്. എങ്ങനെയായാലും ബാലസാഹിത്യം വളർത്തി വിപുലപ്പെടുത്തേണ്ട ഒരു ശാഖയാണെന്ന കാര്യം, സാഹിത്യകാരന്മാരുടേയും ബഹുജനങ്ങളുടേയും ശ്രദ്ധയിൽ കൊണ്ടുവരുവാൻ ഈ സംരംഭങ്ങൾക്കു സാധിച്ചിട്ടുണ്ടു്.

മുതിർന്നവർക്കുള്ള പുസ്തകങ്ങളിൽനിന്നു് തികച്ചും ഭിന്നമായ മാനദണ്ഡമാണു് ബാലസാഹിത്യകൃതികളുടെ മൂല്യനിർണ്ണയത്തിനു് സ്വീകാര്യമായിട്ടുള്ളതു്. ബാലികാബാലന്മാരുടെ മാനസിക വളർച്ചയും ഭാവനാപരമായ കഴിവുകളും, സർവ്വോപരി വളർച്ചപ്രാപിച്ചുകൊണ്ടിരിക്കുന്ന വ്യക്തിത്വവും ബോധപൂർവ്വം മനസ്സിലാക്കി അവയ്ക്കെല്ലാം ഉത്തേജനവും ഉണർവ്വും ഉൽക്കർഷവും വരുത്തുന്ന വിഭവങ്ങളായിരിക്കണം ബാലസാഹിത്യ കൃതിയിൽ ഉണ്ടായിരിക്കേണ്ടതു്. ഈ ഘടകങ്ങളെല്ലാം ഒന്നിച്ചു് ഒരു കൃതിയിൽത്തന്നെ ഉണ്ടായിക്കൊള്ളണമെന്നല്ല വിവക്ഷ. ഇവയിൽ ഏതെങ്കിലുമൊന്നെങ്കിലും ഇല്ലാത്ത കൃതിയെ ലക്ഷണമൊത്ത സാഹിത്യകൃതികളുടെ പംക്തിയിൽ പെടുത്താവുന്നതല്ല.

പ്രശസ്തങ്ങളായ ബാലസാഹിത്യകൃതികളിൽ ഭൂരിഭാഗവും ബാലികാബാലന്മാരുടെ ഭാവനാപ്രപഞ്ചത്തെ പരിപുഷ്ടമാക്കുന്നതിനുതകുന്ന വിഭവങ്ങൾ ഒരുക്കുന്നവയത്രേ. ജന്തുകഥകളും, ധീരസാഹസികകഥകളും, യക്ഷിക്കഥകളും മററും ഇക്കൂട്ടത്തിൽപെടും. ഇവിടെ ഒരു സംഗതി പ്രത്യേകിച്ചു് പ്രസ്താവിക്കേണ്ടതുണ്ടു്. ചടുലവും ചൈതന്യവത്തും സമ്മോഹനവുമായ ഭാവനാകഥകൾ സ്വയം ചമയ്ക്കാനും അന്യർ ചമയ്ക്കുന്നതു് ആസ്വദിക്കാനും പ്രായംചെന്നവരെക്കാൾ കഴിവുള്ളതു് ബാലികാബാലന്മാർക്കാണു്. അവർക്കു് ഭാവനയും ഒരു വലിയ യാഥാർത്ഥ്യമാണു്.

മനുഷ്യജീവിതത്തിലെ ഏററവും ഊഷ്മളങ്ങളും ഉത്തേജനപ്രദങ്ങളും ഉത്സാഹമുളവാക്കുന്നതുമായ കാര്യങ്ങൾ വൈകാരികമേഖലയിൽനിന്നു് സംസിദ്ധമാകുന്ന പ്രചോദനങ്ങളിലാണു് നിക്ഷിപ്തം. പ്രായം ചെല്ലുന്തോറും ജന്മസിദ്ധമായി ലഭിച്ചിട്ടുള്ള ഈ വൈകാരിക ശ്രോതസ്സു് ക്ഷയിച്ചു ക്ഷയിച്ചു് വററി വരളുവാനാണു് ഇടയാകുന്നതു്. ഇതാണു് മനുഷ്യന്റെ ഏററവും വലിയ ട്രാജഡിയും. ഇന്നത്തെ ജീവിതക്രമത്തിൽ സംഭവിച്ചിട്ടുള്ള താളപ്പിഴകൾക്കും,

കോന്നിയൂർ ആർ. നരേന്ദ്രനാഥ്

പന്തികേടിനും, ചിലപ്പോഴൊക്കെ തകർച്ചയ്ക്കും കാരണം മനുഷ്യനു ജന്മാർജ്ജിതമായി ബാല്യത്തിൽ സിദ്ധിച്ച മാനുഷിക വൈകാരിക ഭാവങ്ങളെ ഉദാത്തമാക്കി ഉത്തേജിപ്പിച്ചുകൊണ്ടുപോകുവാൻ കഴിയാതെപോകുന്നതും, പലപ്പോഴും ഉള്ളതുതന്നെ ഉപേക്ഷിക്കുന്നതും ആണ്. പൈതൃകമായി ലഭ്യമായ മനുഷ്യത്വം പലപ്പോഴും കളഞ്ഞുകുളിച്ചിട്ടാണ് അവൻ ''ജീവിക്കുവാൻ പഠിച്ച''വനായി പരിണമിക്കുന്നത്. ഇതാണ് കരിഞ്ചന്തക്കാരനേയും, കള്ളക്കടത്തുകാരനേയും, കൈക്കൂലിക്കൊതിയനേയും, രാഷ്ട്രീയത്തിൽ കൂറുമാററക്കാരനേയും, കുതികാൽവെട്ടുകാരനേയുമെല്ലാം സൽപ്പുരുഷന്മാരായി സ്വീകരിക്കുവാനുള്ള സമൂഹത്തിലെ പ്രവണതകൾക്ക് താങ്ങായിത്തീരുന്നതും. മനുഷ്യത്വത്തിനു സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ തളർച്ചയും തരംതാഴ്ത്തലും കഴിയുന്നത്ര ഒഴിവാക്കുന്നതിന് സഹായകമായ മനോഭാവം കുരുന്നുമനസ്സുകളിൽ സൃഷ്ടിക്കുന്നവയായിരിക്കണം ബാലസാഹിത്യകൃതികൾ. ഉള്ള സൽഭാവങ്ങളെ ഉത്തേജിപ്പിക്കുവാനല്ലാതെ ഉപേക്ഷിക്കുവാൻ അവ പ്രേരിപ്പിച്ചുകൂടാ. വിജ്ഞാനസമാർജ്ജനംകൊണ്ട് വിവേകവും മനുഷ്യത്വവും വളരുകയല്ലാതെ തളരരുത്. ഉറക്കെ ഉൽഘോഷിക്കപ്പെടാറുള്ള സത്യവും നീതിയും സന്മനോഭാവവുമൊക്കെ ഉള്ളിലെ ഉഗ്രമായ കാപട്യങ്ങൾ മറച്ചുവയ്ക്കുന്നതിനുതകുന്ന തിരശ്ശീലകൾമാത്രമായിത്തീർന്നിരിക്കുകയാണിന്ന്. ഏതു കൊള്ളരുതായ്മയും, കാര്യസാധ്യത്തിനുവേണ്ടി സ്വീകരിക്കുന്നത് ന്യായീകരിക്കുന്നവരാണ് ഇന്നത്തെ ''ശ്രദ്ധേയരായ നേതാക്കന്മാർ'' പോലും! സാധാരണക്കാരായ സാമാന്യജനങ്ങൾക്ക് സങ്കല്പിക്കാൻപോലും സാധിക്കാത്ത ചതിവും കുതികാൽവെട്ടും അഭിപ്രായമാററവും വൻകിട നേതാക്കന്മാരുടെ ആഡംബരവിഭവങ്ങളായിത്തീർന്നിരിക്കുന്ന ഇന്നത്തെ സാമൂഹ്യബന്ധങ്ങളിൽ, സാധാരണമര്യാദകൾക്കും മാനുഷികമൂല്യങ്ങൾക്കും എന്നും മാന്യതയുണ്ടെന്നും അവ മാത്രമേ മനുഷ്യബന്ധങ്ങളിൽ സൗഹൃദവും സന്തോഷവും സംതൃപ്തിയും സംജാതമാക്കുകയുള്ളു എന്നും ഉള്ള വിചാരധാരകളിൽ വിശ്വാസം ബാലികാബാലന്മാർക്ക് നഷ്ടപ്പെടാതിരിക്കുവാൻ ബാലസാഹിത്യകൃതികളിലൂടെ ആരംഭിക്കേണ്ടിയിരിക്കുന്നു. സദാചാരത്തിലും സംശുദ്ധിയിലും സൗമനസ്യത്തിലും സർവ്വോപരി സ്നേഹബന്ധങ്ങളിലും ജനങ്ങളുടെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന വിശ്വാസം വീണ്ടെടുക്കുവാനുള്ള ആദ്യത്തെ കാൽവയ്പായി ബാലസാഹിത്യകൃതികളെ കാണാറാകുമ്പോൾ, അവയുടെ പ്രാമാണ്യവും പ്രാബല്യവും അംഗീകൃതമാകും. നമ്മയെ കൂട്ടുപിടിക്കുന്നതായാൽ നഷ്ടവും പരാജയവുമായിരിക്കും ഫലം എന്ന് ഇന്ന് പ്രായം ചെന്നവർ ഭയപ്പെടുന്നു. കൊള്ളലാഭവും കൈക്കൂലിയും കരിഞ്ചന്തയും കള്ളക്കടത്തും മായം ചേർക്കലും മാത്രമല്ല, തഞ്ചംനോക്കി താവളങ്ങൾ തേടുന്നതും, അഭിപ്രായം മാററുന്നതും വിജയകരമായി നിർവ്വഹിക്കുന്നവരെ ''ജീവിക്കാനറിയാവുന്ന മിടുക്കന്മാരെന്നു'' വാഴ്ത്തി ആദരിക്കുവാൻ താല്പര്യം കാണിക്കുന്നത് ഏതാണ്ട് സർവ്വസാധാരണമായിട്ടുണ്ട്. ''ജീവിക്കാനറിയാവുന്ന'' ഇത്തരം മിടുക്കന്മാരെ നിരുത്സാഹപ്പെടുത്തുകയും നിരാകരിക്കുകയും ചെയ്യുന്നതിനുപകരം പ്രോത്സാഹിപ്പിക്കുന്നതാണ് പൊതുജനങ്ങളുടെ ഇന്നത്തെ പ്രതികരണം.

ഇതിനെതിരായ ആശയപരമായ സമരം അധികവായനയ്ക്ക് ഉതകുന്ന ബാലസാഹിത്യകൃതികളിലൂടെ ആരംഭിക്കുകയാണ് ആവശ്യം.

അപകടകരമായ ഇന്നത്തെ മറെറാരു ചിന്താഗതിയെക്കുറിച്ചുകൂടി ഇവിടെ സൂചിപ്പിക്കാതിരിക്കുവാൻ വയ്യ. ഏതു കാര്യത്തെയും—അത് എത്രതന്നെ ഹീനവും വർജ്ജ്യവും ആയിരുന്നാലും—സാഹചര്യം ന്യായീകരിക്കും എന്നതാണത്. ഹിംസയും, ദുസ്സ്വഭാവവും, ചതിയും, സ്നേഹരാഹിത്യവും—എന്നുവേണ്ട, ഏതു ചീത്തക്കാര്യവും ചുററുപാടുകളുടെ സമ്മർദ്ദത്തിനു വിധേയമായി ചെയ്താൽ ചീത്തയും തെററും അല്ലാതായിക്കൊള്ളുമെന്ന് ഉറപ്പിച്ചുറപ്പിച്ച് ഉറക്കെപ്പറയുന്നവരുടെ എണ്ണവും വണ്ണവും വർദ്ധിച്ചുവരുകയാണ്. ഈ അടിസ്ഥാനത്തിൽ ആർക്കും ഏതു സമയവും എന്തും ചെയ്യുന്നതിന് വിഷമമൊട്ടില്ലതാനും. എന്നാൽ ഒരു സത്യം വിസ്മരിച്ചുകൂടാ. ലോകചരിത്രത്തിൽ, മനുഷ്യസംസ്കാരത്തിനും സമുന്നത ജീവിതത്തിനും സാരമായ സംഭാവനകൾ സമ്മാനിച്ചിട്ടുള്ള മാതൃകാപുരുഷന്മാരെല്ലാം, മുകളിൽ പറഞ്ഞ ചിന്താഗതിയെ നിരാകരിച്ചിട്ടുള്ളവരാണ്. സാഹചര്യത്തിന്റെ സമ്മർദ്ദത്തിനു വിധേയരായി കർത്തവ്യാനുഷ്ഠാനത്തിൽനിന്ന് അവർ വ്യതിചലിച്ചിട്ടില്ല. സൽപ്രവർത്തനങ്ങളെ നിരാ

കരിച്ച് ദുഷ്കൃത്യങ്ങൾ നടത്തിയിട്ടില്ല. മാനുഷികമൂല്യങ്ങളെ കാററിൽ പറത്തിയിട്ടില്ല. വിപരീത സാഹചര്യങ്ങളിൽ സത്യത്തിനും നീതിക്കും, സൽഗുണത്തിനുംവേണ്ടി സർവ്വവും ത്യജിക്കുവാൻ പോലും തയ്യാറായവരാണവർ. നമ്മുടെ നെടുംതൂണുകളായി വർത്തിച്ചിട്ടുള്ളതും ഇവരാണ്. മനുഷ്യന്റെ കഴിവും പ്രത്യേകതയും, ആദർശങ്ങൾക്കും നന്മയ്ക്കും ധർമ്മത്തിനും വേണ്ടി അടരാടുവാനുള്ള ദൃഢമായ നിശ്ചയവും ഒടുങ്ങാത്ത താല്പര്യവും, വേണ്ടിവന്നാൽ അവയുടെ സാക്ഷാത്കാരത്തിന് ആത്മത്യാഗം ചെയ്യാനുള്ള സന്നദ്ധതയും ആണ്. നമ്മുടെ വേദേതിഹാസങ്ങളിലൂടെയാരംഭിച്ച് മററ് സാംസ്കാരികമണ്ഡലങ്ങളിലൂടെയെല്ലാം പ്രവഹിച്ച്, മഹത്തായ ജീവിതധാരയായി തീർന്നിട്ടുള്ള ചിന്തയുടെ അന്തഃസ്സത്ത, സാഹചര്യങ്ങളെ പരാജയപ്പെടുത്തി ശാശ്വതമൂല്യങ്ങളെ നിലനിർത്തുക എന്നതാണ്. ഇതിനു കടകവിരുദ്ധമായിട്ടാണ് മുകളിൽ സൂചിപ്പിച്ച ''നവീന''ചിന്താഗതി ഇന്ന് പ്രചരിക്കുന്നതും പ്രചരിപ്പിക്കുന്നതും. ഇന്നു ഭാരതത്തിലെ ജീവിതത്തിനു പൊതുവിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന, എന്തിന് സംഭവിച്ചു കഴിഞ്ഞ പാളിച്ചയ്ക്കും തകർച്ചയ്ക്കും കാരണം ആദർശത്തെയും ധർമ്മത്തെയും പരിരക്ഷിക്കുവാൻ തന്റേടം കാണിക്കുന്ന ധീരസാഹസികന്മാർ ഇല്ലാതായതാണ്. ഈ തളർച്ചയും തകർച്ചയും പരിഹരിക്കുവാൻ നഷ്ടപ്പെട്ട നമ്മുടെ ആദർശധീരത വീണ്ടെടുക്കുകയല്ലാതെ മററു വഴിയൊന്നുമില്ല. ''സാഹചര്യത്തിന്റെ സമ്മർദ്ദം''— എന്ന കാരണം പറഞ്ഞു് എന്തു കാര്യവും ന്യായീകരിക്കുന്നതിനുള്ള പ്രവണത സമൂലം തുടച്ചുനീക്കുകയാണ് അതിനുള്ള ആദ്യത്തെ നടപടി. അതു് ബാലസാഹിത്യ കൃതികളിൽ തുടങ്ങാതെ വഴിയില്ല. സുദൃഢമായ ആത്മവിശ്വാസമുള്ളതും ജീവിതത്തെ ഏററവും നല്ലതും വലിയതുമായ ഒരവസരമായി കരുതുന്നതുമായ ഒരു പുതിയ തലമുറയെ കരുപ്പിടിപ്പിക്കുവാൻ ഉതകുന്നവയായിരിക്കണം ഈ കൃതികൾ.

ശാസ്ത്രപ്രധാനങ്ങളായ വിഷയങ്ങൾ പ്രതിപാദിക്കുന്ന കൃതികൾ പ്രത്യേകം നിഷ്കർഷയോടെ രചിക്കേണ്ടവയാണ്. അവയിൽ മുഖ്യമായി ശ്രദ്ധിക്കേണ്ടവ:—(1) ലളിതവും ശുദ്ധവും പ്രസന്നവുമായ ഭാഷാശൈലി. (2) ശാസ്ത്രീയാശയങ്ങൾക്ക് വികല്പവും വിള്ളലും വരാതെയുള്ള അവതരണം (3) ബാലികാബാലന്മാർക്ക് പരിചിതങ്ങളായ കാര്യങ്ങളെ ആശ്രയിച്ചുകൊണ്ടുള്ള സമീപനം.

തങ്ങൾക്ക് കിട്ടുന്ന പുസ്തകങ്ങൾ തട്ടിച്ചുനോക്കി തരംതിരിച്ച് എടുക്കുന്നതിനുള്ള കഴിവ് നേടിയിട്ടുള്ളവരല്ല കുട്ടികൾ. കയ്യിൽ കിട്ടുന്നതെന്തും നന്നെന്നു നിനച്ച് സ്വീകരിക്കുകയല്ലാതെ മററു വഴിയൊന്നും അവർക്കില്ല. ശാസ്ത്രീയ മനോഭാവവും വീക്ഷണവും പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ളവയാണ് കാമ്യം. നിരീക്ഷണകൗതുകമാണ് ശാസ്ത്രീയമനോഭാവരൂപീകരണത്തിനുള്ള ആദ്യത്തെ ആവശ്യം. ബാലികാബാലന്മാർക്ക് നിരീക്ഷണ കൗതുകം പുതിയതായി ഉണ്ടാക്കേണ്ടതായിട്ടില്ല. അതു് ജന്മനാ അവർക്കു ലഭ്യമാണ്. മുതിർന്നവരെക്കാൾ നിരീക്ഷണകൗതുകം കുട്ടികൾക്കുണ്ടെന്നുള്ളതാണ് സത്യം. കാണുന്നതും കേൾക്കുന്നതും കൗതുകപൂർവ്വം സ്വീകരിക്കുന്ന അവർ നൂറുനൂറു ചോദ്യങ്ങൾ മുതിർന്നവരോട് ചോദിച്ച്, അവരെ വീർപ്പുമുട്ടിക്കാറുണ്ടല്ലോ. അവരുടെ ചോദ്യങ്ങൾ ഏററു ചൂളിപ്പോകുന്നവർ ചുരുക്കമല്ലതാനും. ഈ ചോദ്യങ്ങളുടെ ഉൽപ്പത്തി അടക്കാനാവാത്ത ജിജ്ഞാസയിൽനിന്നും നിരീക്ഷണകൗതുകത്തിൽനിന്നുമാണ്. അതുകൊണ്ടു് കുട്ടികൾക്കു ജന്മസിദ്ധമായുള്ള നിരീക്ഷണകൗതുകത്തേയും ജിജ്ഞാസയേയും പ്രോത്സാഹിപ്പിക്കുവാനും പരിപോഷിപ്പിക്കുവാനും പോന്ന കാര്യങ്ങൾ അവർക്കു നൽകുന്നതിൽ ലോഭം വരുത്തേണ്ടതില്ല.

നമ്മുടെ ചുററും അത്ഭുതങ്ങളുടെ അക്ഷയനിധികൾ ഒളിഞ്ഞുകിടക്കുന്നുണ്ട്. പക്ഷെ ആരും അതു് അറിയുന്നില്ല; ഗണ്യമാക്കുന്നുമില്ല. നമ്മുടെ വീട്ടിനുള്ളിൽ നമ്മളറിയാതെ നമ്മോടൊത്തു ജീവിക്കുന്ന ജീവജാലങ്ങൾ എത്രയാണ്! ഇവയിലോരോന്നിന്റെയും രഹസ്യജീവിതത്തിൽ അത്ഭുതങ്ങളുടെ ഓരോ പ്രത്യേക പ്രപഞ്ചം ഒതുങ്ങിക്കിടപ്പുണ്ട്! വീടിനു വെളിയിൽ മുററത്തും പറമ്പിലുമുള്ള സ്ഥിതിയോ? ഒരു ചെടിയുടെ കാര്യംതന്നെയെടുത്താൽ, അതിന് നമുക്ക് സമ്മാനിക്കുവാനുള്ള അത്ഭുതങ്ങളുടെ കാര്യം, അടുത്തു പരിശോധിക്കുമ്പോഴേ അറിയാറാകൂ! ശരിയായവിധം വസ്തുതകൾ ശേഖരിക്കുമ്പോൾ, എണ്ണമില്ലാതെ അത്ഭുതങ്ങൾ അറിവിൽ വന്നുതുടങ്ങും! ഈ പരമാർത്ഥം പിഞ്ചുകുഞ്ഞുങ്ങൾക്കു പോലും നേരിട്ട് കണ്ടെത്തുവാനുള്ള അവസരം ഒരുക്കുമ്പോൾ, അവരോരോരുത്തരും ശാസ്ത്രത്തിന്റെ പന്ഥാവിലൂടെ സഞ്ചരിക്കുവാൻ സന്നദ്ധരായിത്തീരും. പ്രകൃതിയോടുള്ള നമ്മുടെ ആത്മബന്ധത്തിന്റെ സ്വർണ്ണനൂലുകൾ സ്വയം കണ്ടെത്തുന്നതിൽ അന്തർഭവിച്ചിട്ടുള്ള ആനന്ദം അവരുടെ ഹൃദയത്തിൽ നിറയും. പ്രകൃതിയിൽ ഒന്നും അധികപ്പററല്ലെന്നും, എല്ലാററിനും അതതിന്റേതായ ധർമ്മങ്ങൾ

(ശേഷം 17—ാം പേജിൽ)


യുവജനോത്സവത്തിൽ ഒരു പ്രത്യേക ഇനത്തിന് പലപ്പോഴും വിധികർത്താവായി ഇരുന്നിട്ടുള്ള ഒരാൾ തനിക്കുണ്ടായിട്ടുള്ള തിക്താനുഭവങ്ങളെപ്പററി ഒരു ലേഖനമെഴുതിയിരുന്നത് അടുത്തകാലത്ത് വായിക്കാനിടയായി. 'വിധികർത്താക്കളുടെ ആരോഗ്യം അപകടത്തിൽ' എന്നദ്ദേഹം വിലപിക്കുന്നു. മുഖംമൂടി ധരിച്ച് വിധികർത്താക്കൾ മത്സരസ്ഥലത്ത് എത്തിച്ചേരുകയും ഉരുക്കുതൊപ്പിയും ''റയട്ട് ഷീൽഡും' *ധരിച്ച് മടങ്ങിപ്പോവുകയും ചെയ്യേണ്ടിവരുന്നത് ആർക്കും ഭൂഷണമല്ല. തികച്ചും നിഷ്പക്ഷമായി വിധി നിർണ്ണയിക്കുകയും അതു മററുള്ളവർക്ക് ബോദ്ധ്യപ്പെടുകയും ചെയ്താൽ ഇത്തരം സാഹചര്യങ്ങൾ ഉണ്ടാവുകയില്ല.

അർഹിക്കാത്ത 95 ശതമാനം മാർക്കു നേടിയെടുത്ത ഒരു വിദ്യാർത്ഥിയെപ്പററി മുമ്പു സൂചിപ്പിച്ചുവല്ലോ. ആ വിദ്യാർത്ഥി നിങ്ങളായിരുന്നോ? അനർഹമായ അംഗീകാരം, നിങ്ങളുടെ അച്ഛനമ്മമാരുടെ ശ്രമഫലമായി നിങ്ങളിൽ അടിച്ചേല്പിക്കപ്പെടുകയായിരുന്നുണ്ടായതെന്നറിഞ്ഞപ്പോൾ, നിങ്ങൾക്ക് അതിൽ ദുഃഖവും ലജ്ജയും തോന്നിയോ? ''ആ സമ്മാനം എനിക്ക് വേണ്ട'' എന്ന് നിങ്ങൾ പറഞ്ഞോ? എങ്കിൽ, നിങ്ങൾ പങ്കെടുക്കുന്ന എല്ലാ ഇനങ്ങളിലും ഒന്നാം സമ്മാനം നേടുന്നതിനെക്കാൾ മഹത്തായ ഒരു നേട്ടം കൈവരിച്ചുവെന്ന് നിങ്ങൾക്ക് ന്യായമായും അഭിമാനിക്കാം.

---

* അക്രമാസക്തമായ ജനക്കൂട്ടത്തെ നേരിടാൻ പോകുന്ന പൊലീസുദ്യോഗസ്ഥന്മാർ, കല്ലേറിൽനിന്നും രക്ഷ നേടാൻ ഉപയോഗിക്കാറുള്ള, ഫൈബർഗ്ലാസുകൊണ്ടോ ചൂരലുകൾകൊണ്ടോ ഉണ്ടാക്കിയിട്ടുള്ള ഒരുപകരണം.





(14–ാം പേജിൽ നിന്നു തുടർച്ച)

അനുഷ്ഠിക്കാനുണ്ടെന്നുമുള്ള യാഥാർത്ഥ്യം സിദ്ധാന്തമായിട്ടല്ല, ആത്മാവിൽ ആവിഷ്ക്കരിച്ച ജീവിതസത്യമായി ബോദ്ധ്യമാകും!

ബാല്യകാലത്ത് എല്ലാ കുട്ടികളിലും കാണുന്ന ജിജ്ഞാസയും നിരീക്ഷണസന്നദ്ധതയും, പ്രായം ഏറുന്നതോടൊപ്പം ക്ഷയിക്കുകയും മുതിർന്നവരായിത്തീരുമ്പോൾ അവശേഷിച്ചവ മുരടിക്കുകയുമാണ് സംഭവിക്കുന്നത്. നിറമുള്ള ഒരു വണ്ടോ, പൂടയുള്ള ഒരു പുഴുവോ, അഴകുള്ള ഒരു പാറക്കല്ലോ കാണുമ്പോൾ, ഒരു കുട്ടി ആനന്ദംകൊണ്ടും അത്ഭുതംകൊണ്ടും തുള്ളിച്ചാടും. അതേസമയം പക്വമതിയെന്ന് അവകാശം പറയുന്ന അവൻെറ പിതാവിൽ അവ ഒരു ചലനംപോലും സൃഷ്ടിച്ചെന്നുവരുകയില്ല. കുട്ടി അനേക മണിക്കൂറുകൾ അതു വീക്ഷിച്ച് കഴിഞ്ഞുകൂടിയെന്നുവരും. പിതാവ് നിരീക്ഷണത്തിന് കൊള്ളരുതാത്തതെന്നു കരുതി സ്ഥലംവിടും! ഇതിൻെറ കാരണം കുട്ടിക്ക് നിരീക്ഷണകൗതുകം നഷ്ടപ്പെട്ടിട്ടില്ലാത്തതും, പ്രായംചെന്നയാളിൽ അതു നഷ്ടപ്പെട്ടതുമല്ലാതെ മറെറാന്നുമല്ല. ബാലശാസ്ത്രകൃതി കുട്ടികളുടെ ജന്മനായുള്ള കഴിവുകളെ മുരടിപ്പിക്കുവാനോ മുളയിൽ നുള്ളിക്കളയുവാനോ വഴിയുണ്ടാക്കരുത്; മറിച്ച് മനുഷ്യൻ വളരുന്നതോടൊപ്പം അവൻെറ ജിജ്ഞാസയും നിരീക്ഷണകൗതുകവും വളരാനും വിപുലപ്പെടാനും സഹായം നൽകണം. ഇത് എല്ലാ ശാസ്ത്രവിഭാഗങ്ങളുടെ കാര്യത്തിലും സ്വീകാര്യമായ സത്യമാണ്. ●